## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3570** **14-07-2022 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി.യിലെ ശമ്പള വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2022 -ൽ കെ.എസ്.ആർ.ടി.സി.യിൽ ജൂൺ മാസത്തെ ശമ്പളം എന്ന് വിതരണം ചെയ്യുമെന്ന് അറിയിക്കുമോ; മേയ് മാസത്തിൽ കാറ്റഗറി തിരിച്ച് ശമ്പള വിതരണം നടത്താൻ ഉത്തരവ് നൽകിയത് ആരാണെന്നും ഏത് സാഹചര്യത്തിലാണെന്നും വ്യക്തമാക്കുമോ? | (എ) | ജൂൺ മാസത്തിൽ ആകെ വരുമാനമായി 188 കോടി രൂപ ലഭ്യമായെങ്കിലും മെയ് മാസത്തെ ശമ്പളം, തനതുമാസത്തെ ഡീസൽ ചെലവ്, കൺസോർഷ്യം വായ്പ തിരിച്ചടവ്, മറ്റ് ദൈനംദിന ചെലവുകൾ എന്നീ ഇനങ്ങളിലായി ഏകദേശം 269 കോടി രൂപ ചെലവായിട്ടുണ്ട്. ഇത്തരത്തിൽ ജൂൺ മാസത്തെ വരവും, ചെലവും തമ്മിലുള്ള അന്തരം ഏകദേശം 81 കോടി രൂപ വരും. വരവിനേക്കാളേറെ ചെലവ് നേരിടുന്ന സാഹചര്യത്തിൽ കോർപ്പറേഷന്റെ പക്കൽ ശമ്പള വിതരണത്തിനായി തുകയൊന്നും മാറ്റിവെക്കാൻ സാധിക്കാത്തതിനാൽ ജൂൺ മാസത്തെ ശമ്പള വിതരണത്തിനായി സർക്കാരിൽ നിന്നും 65 കോടി രൂപയുടെ സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക സഹായം ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും ഓവർഡ്രാഫ്റ്റ് വായ്പ കൂടി ലഭ്യമാക്കി പരമാവധി കാലതാമസം കൂടാതെ ജീവനക്കാരുടെ ജൂൺ മാസത്തെ ശമ്പളം വിതരണം ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.<br><br>മെയ് മാസത്തിൽ ശമ്പള വിതരണത്തിനായി സർക്കാർ സഹായമായി നൽകിയ 30 കോടി രൂപ വിനിയോഗിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും എടുത്തിരുന്ന ഓവർഡ്രാഫ്റ്റ് വായ്പ കുടിശ്ശിക പൂർണ്ണമായും ഒടുക്കി വീണ്ടും പുതുക്കിയെടുത്ത തുക ഉപയോഗിച്ച് എല്ലാ ജീവനക്കാരുടെയും ശമ്പളം ഒരുമിച്ച് നൽകാൻ കഴിയുമായിരുന്നില്ല. തുടർന്ന് 17/06/2022-ൽ കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ്; കോർപ്പറേഷന്റെ കൈവശം ലഭ്യമായിരുന്ന തുക ഉപയോഗിച്ച് ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും നൽകുകയുണ്ടായി. തുടർന്ന് തനതു വരുമാനത്തിൽ നിന്ന് മിച്ചംപിടിച്ച തുകയും, ഇന്ധന കമ്പനികൾക്ക് |

| | | | |
|---|---|---|---|
| | | | നൽകേണ്ട വിഹിതവും, കൺസോർഷ്യം വായ്പ തിരിച്ചടവും നിർത്തിവെച്ച് വിവിധ ദിവസങ്ങളിലായി സമാഹരിച്ച തുക ഉപയോഗിച്ച് 27/6/2022-ൽ മിനിസ്റ്റീരിയൽ വിഭാഗത്തിനും, 30/6/2022 മുതൽ 02/7/2022 വരെയുള്ള ദിവസങ്ങളിലായി മെക്കാനിക്കൽ, ഹയർ ഡിവിഷൻ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാർക്കും മെയ് മാസത്തെ ശമ്പളം വിതരണം ചെയ്തിട്ടുണ്ട്. ആകെ ശമ്പളം നൽകാനായി വേണ്ട ഏകദേശം 80 കോടി രൂപ ഒരുമിച്ച് കണ്ടെത്താൻ കഴിയാതെ വന്നതിനാലാണ് ലഭ്യമായ തുക ഉപയോഗിച്ച് കഴിയും വേഗത്തിൽ കാറ്റഗറി തിരിച്ചെങ്കിലും ജീവനക്കാരുടെ ശമ്പള വിതരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചത്. |

സെക്ഷൻ ഓഫീസർ